(സി) മത്സ്യോല്പാദകർക്കും തൊഴിലാളികൾക്കും ഉയർന്ന വിലയും കൂലിയും ഉറപ്പ് വരുത്തിക്കൊണ്ട് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മത്സ്യഫെഡ് സഹായത്തോടെ പ്രവർത്തിക്കുന്ന മത്സ്യ സഹകരണ സംഘങ്ങൾ നിലവിലുണ്ട്.

അന്താരാഷ്ട്ര കമ്പോളത്തിലെ വില വർദ്ധനവിനാനുപാതികമായി കടലോരത്ത് മത്സ്യ വില ഉയർത്തുകയും അതിന്റെ ഗുണം കൂലിയിനത്തിൽ തൊഴിലാളികൾക്ക് ലഭിക്കുകയും ചെയ്യാറുണ്ട്. മാത്രമല്ല തൊഴിലാളി/തൊഴിലുടമ, കരാറുകളുടെയും മറ്റു തൊഴിൽ നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് മത്സ്യ കയറ്റുമതി രംഗത്തെ കൂലി നിശ്ചയിച്ചിട്ടുള്ളത്. അന്താരാഷ്ട്ര കമ്പോളത്തിലെ വിലയുമായി അതിന് നേരിട്ട് ബന്ധമില്ല.

കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി

21 [5397] ശ്രീ. ഇ. എം.അഗസ്തി:
,, കെ. അച്ചുതൻ:
,, കെ. സി. വേണുഗോപാൽ:
,, ടി എൻ. പ്രതാപൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഇനത്തിൽപ്പെടുന്ന മത്സ്യക്കുഞ്ഞുങ്ങളെ ഈ പദ്ധതിയുടെ ഭാഗമായി കടലിൽ വിട്ടിട്ടുണ്ട്;

(സി) ഇപ്രകാരം ചെയ്തതിന്റെ ഫലമായി മത്സ്യസമ്പത്ത് എത്രമാത്രം വർദ്ധിച്ചു എന്ന് പറയാമോ?

ഉത്തരം

(എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എല്ലാ വർഷവും മത്സ്യ പ്രജനന കാലത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നു. കടലിന്റെ അടിത്തട്ടിൽ അനുയോജ്യമായ സ്ഥലങ്ങളിൽ മത്സ്യങ്ങളെ ആകർഷിക്കുന്നതിനും ആവാസകേന്ദ്രമായി സ്വീകരിച്ച് മുട്ടയിട്ട് പെരുകുന്നതിനും കൃത്രിമ പാര് സ്ഥാപിക്കുന്ന ഒരു പദ്ധതിയും, സീറാഞ്ചിംഗ് പദ്ധതിയും സമുദ്രസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്നു.

(ബി) കാര, നാരൻ ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് പദ്ധതി നടപ്പാക്കിവരുന്നു.

(സി) കണക്കാക്കിയിട്ടില്ല.

ഉൾനാടൻ മത്സ്യബന്ധന മേഖല നേരിടുന്ന വിപത്തുകൾ

22 [5398] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്ജ്:
,, ജോസഫ് എം. പുതുശ്ശേരി:
,, മാമൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly